*നം. ഐ.സി.റ്റി. സെൽ/1771/2/HSE/2017* *ജൂൺ 17, 2017*

പത്രക്കുറിപ്പ്

# പ്ലസ് വൺ: ഒന്നാം അലോട്ട്മെന്റ് ലിസ്റ്റ് ജൂൺ 19 ന്
# പ്രവേശനം ജൂൺ 19 മുതൽ 20 വരെ

പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് ജൂൺ 19 ന് രാവിലെ പ്രസിദ്ധീകരിക്കുന്നതാണ്. . ആദ്യലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം **ജൂൺ 19 മുതൽ 20 വരെ** നടക്കും. അലോട്ട്മെന്റ് വിവരങ്ങൾ www.hscap.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളെല്ലാം നിർബന്ധമായി അലോട്ട്മെൻറ് ലഭിക്കുന്ന സ്കൂളിൽ **ജൂൺ 20 ന് 5** മണിക്ക് മുമ്പ് പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ചിട്ടും താല്കാലിക പ്രവേശനം നേടാതിരിക്കുന്ന വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. ആദ്യ അലോട്ട്മെന്റിൽ ഒന്നാമത്തെ ഓപ്ഷൻ ലഭിക്കുന്നവർ ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. മറ്റ് ഓപ്ഷനുകളിൽ അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് ഇഷ്ടാനുസരണം താല്കാലിക പ്രവേശനമോ സ്ഥിരപ്രവേശനമോ നേടാം. താല്ക്കാലിക പ്രവേശനത്തിന് ഫീസടക്കേണ്ടതില്ല. താല്ക്കാലികപ്രവേശനം നേടുന്നവർക്ക് ആവശ്യമെങ്കിൽ തെരഞ്ഞെടുത്ത ഏതാനും ഉയർന്ന ഓപ്ഷനുകൾ മാത്രമായി റദ്ദാക്കുകയും ചെയ്യാവുന്നതാണ്. ഇതിനുള്ള അപേക്ഷയും പ്രവേശനം നേടുന്ന സ്കൂളിലാണ് നൽകേണ്ടത്. ആദ്യ അലോട്ട്മെന്റിൽ ഇടം നേടാത്തവർ അടുത്ത അലോട്ട്മെന്റുകൾക്കായി കാത്തിരിക്കുക. വിദ്യാർത്ഥികൾക്ക് തങ്ങൾ അപേക്ഷിച്ച ഓരോ സ്കൂളിലെയും കാറ്റഗറി തിരിച്ചുള്ള അവസാന റാങ്ക് വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളെല്ലാം നിശ്ചിത സമയത്തിനുള്ളിൽ സ്കൂളുകളിൽ പ്രവേശനത്തിന് ഹാജരാകണമെന്നും ഹയർ സെക്കൻഡറി ഡയറക്ടർ അറിയിച്ചു.

ഇക്കൊല്ലം ഏകജാലകരീതിയിലൂടെ പ്ലസ് വൺ പ്രവേശനത്തിന് ആദ്യഘട്ടത്തിൽ ആകെ 4,96,354 വിദ്യാർത്ഥികൾ അപേക്ഷകൾ നൽകിയിരുന്നു. സംസ്ഥാനത്ത് ഹയർസെക്കൻഡറി പഠനത്തിന് മാർജിനൽ സീറ്റ് വർദ്ധനവ് ഉൾപ്പടെ ആകെ ലഭ്യമായ 4,22,910 സീറ്റുകളിൽ സർക്കാർ സ്കൂളുകളിലും എയിഡഡ് സ്കൂളുകളിലുമുള്ള 2,85,862 മെരിറ്റ് സീറ്റുകളിലേക്ക് മാത്രമാണ് ഏകജാലകരീതിയിലൂടെ പ്രവേശനം നടത്തുന്നത്. ബാക്കിയുള്ള സീറ്റുകൾ സ്പോർട്സ് ക്വാട്ട, എയിഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് / കമ്മ്യൂണിറ്റി ക്വാട്ട ,അൺ എയിഡ്ഡ് സ്കൂളുകളിലെ സീറ്റുകളുമാണ്. രണ്ടാമത്തെ അലോട്ട്മെന്റിനുശേഷം ഇതുവരെ അപേക്ഷിക്കാൻ കഴിയാത്തവർക്ക് സപ്ലിമെന്ററി അലോട്ട്മെന്റിനായി പുതിയ അപേക്ഷകൾ സ്വീകരിക്കും.

സ്പോർട്സ് ക്വാട്ട സ്പെഷ്യൽ അലോട്ട്മെൻറ് റിസൽറ്റ് **ജൂൺ 20** ന് രാവിലെ പ്രസിദ്ധീകരിക്കുന്നതാണ്.അഡ്മിഷൻ **ജൂൺ 20** നും 21 നും ആയിരിക്കും. വെബ്സൈറ്റിൽ അലോട്ട്മെൻറ് റിസൽട്ടിനോടൊപ്പം പ്രസിദ്ധീകരിക്കുന്ന നിർദേശങ്ങളനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രിൻസിപ്പൽമാർ പ്രവേശനനടപടികൾ പൂർത്തിയാക്കണമെന്ന് ഹയർ സെക്കൻഡറി ഡയറക്ടർ അറിയിച്ചു.

**ഡയറക്ടർ**